പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1887

14.07.2011- ന്
മറുപടിക്ക്

## റിട്ടയർമെന്റ് ബെനിഫിറ്റ് സ്കീം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി കയർ തൊഴിലാളികൾക്ക് റിട്ടയർ മെന്റ് ബെനിഫിറ്റ് സ്കീം നടപ്പിലാക്കാൻ എത്ര തുക നൽകിയിരുന്നു. ഈ തുക എന്ന് ക്ഷേമനിധി ബോർഡിന് ലഭിച്ചു ; | (എ) 750 ലക്ഷം രൂപ കയർ തൊഴിലാളി വിരമിക്കൽ പദ്ധതി ആനുകൂല്യം നല്കുന്നതിനായി കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് അനുവദിക്കുകയും , ആയത് 01/3/2011 ൽ ബോർഡിന് ലഭിക്കുകയും ചെയ്തു. |
| (ബി) ഏതു കാലയളവിൽ റിട്ടയർചെയ്ത തൊഴിലാളികൾക്കു നൽകാനുള്ള തുകയാണ് ലഭ്യമാക്കിയത്. ; | (ബി) 01/4/2006 മുതൽ ക്ഷേമനിധിയിൽ നിന്നും വിരമിച്ചിട്ടുള്ള അംഗങ്ങൾക്ക് ആനുകൂല്യം നല്കുന്നതിനുള്ള തുകയാണ് ലഭ്യമാക്കിയത്. |
| (സി) തുക വിതരണം പൂർത്തിയായോ? ഇല്ലെങ്കിൽ അതിനുള്ള കാരണം എന്തെന്ന് അറിയിക്കാമോ; | (സി) തുക വിതരണം പൂർത്തിയാക്കിയിട്ടില്ല. തുക വിതരണം ചെയ്ത് വരുന്നു. 01/4/2006 മുതൽ വിരമിച്ച 13000 ത്തോളം വരുന്ന പെൻഷൻകാരുടെ രേഖകൾ പരിശോധിച്ച് അർഹതയും തുകയും നിർണ്ണയിക്കുന്നതിനും ഇവർക്ക് അറിയിപ്പ് നൽകി അപേക്ഷയും സമ്മതപത്രവും വാങ്ങുന്ന നടപടിക്രമങ്ങൾ മൂലമാണ് ആനുകൂല്യ വിതരണം പൂർത്തീകരിക്കുവാൻ കഴിയാത്തത്. |

| | |
|---|---|
| (ഡി) ഓരോ സബ് ഓഫീസിലും അർഹരായ അപേക്ഷകർ എത്രയെന്നും എത്രപേർക്ക് തുക വിതരണം ചെയ്യുവെന്നും എത്ര തുക ഇതുവരെ വിതരണം ചെയ്തുവെന്നും വ്യക്തമാക്കുമോ? | (ഡി) അനുബന്ധം I ൽ ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം I

| ക്രമ നം. | യൂണിറ്റ് ആഫീസ് | നിലവിൽ അർഹതയുള്ള ഗുണഭോക്താക്കളുടെ എണ്ണം | | വിതരണം ചെയ്ത തുക |
|---|---|---|---|---|
| | | ആകെ എണ്ണം | വിതരണം ചെയ്തത് | |
| 1 | കോഴിക്കോട് | 1486 | 259 | 1643800 |
| 2 | വടക്കൻ പറവൂർ | 666 | 305 | 2499500 |
| 3 | വൈക്കം | 394 | 386 | 3052500 |
| 4 | ചേർത്തല | 5007 | 981 | 5330500 |
| 5 | ആലപ്പുഴ | 2358 | 902 | 4565500 |
| 6 | തൃക്കുന്നപ്പുഴ | 530 | 449 | 2594000 |
| 7 | കൊല്ലം | 1117 | 1000 | 5935000 |
| 8 | ചിറയിൻകീഴ് | 867 | 707 | 4024500 |
| | ആകെ | 12425 | 4983 | 29645300 |